**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1074** **04.02.2019-ൽ മറുപടിയ്ക്ക്**

# ടോൾ ബൂത്തുകൾ

**ചോദ്യം** | **മറുപടി**

**ശ്രീ.പി.സി. ജോർജ്**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടോൾ ബൂത്തുകൾ ഉണ്ട്; ഏതൊക്കെ സ്ഥലത്താണ് ഇവ സ്ഥാപിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ടോൾ ബൂത്തുകൾ നിർത്തലാക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ) & (ബി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 14 പാലങ്ങളുടെ ടോൾ പിരിവ് അവസാനിപ്പിച്ചുകൊണ്ട് 3.12.2018 ലെ സ.ഉ(കൈ) 44/2018/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകളിലും പാലങ്ങളിലും ടോൾ പിരിക്കുന്നതിനായി ടോൾ ബൂത്തുകൾ ഒന്നും നിലവിലില്ല.

സംസ്ഥാനത്ത് ആർ.ബി.ഡി.സി.കെ - യുടെ കീഴിൽ താഴെപ്പറയുന്ന ടോൾ ബൂത്തുകൾ ഉണ്ട്.

1) ബേക്കൽ ആർ.ഒ.ബി. 2) വിക്ടോറിയ കോളേജ് ആർ.ഒ.ബി., കടുക്കാംകുന്ന് ആർ.ഒ.ബി., സുൽത്താൻപേട്ട് ആർ.ഒ.ബി. (Single Package), 3) പുലാമന്തോൾ പുഴപ്പാലം 4) മുഴപ്പിലങ്ങാട് ആർ.ഒ.ബി. 5) പുല്ലേപ്പടി ആർ.ഒ.ബി. 6) നന്തി ആർ.ഒ.ബി., കൊയിലാണ്ടി ആർ.ഒ.ബി (Single Package) 7) പയ്യന്നൂർ ആർ.ഒ.ബി. 8) പരപ്പനങ്ങാടി ആർ.ഒ.ബി. 9) ദേവദാർ ആർ.ഒ.ബി. 10) ചെറുവത്തൂർ ആർ.ഒ.ബി. 11) മുളങ്കുന്നത്തുകാവ് ആർ.ഒ.ബി. 12) തിരുനാവായ ആർ.ഒ.ബി. 13) പുളിയനം ആർ.ഒ.ബി. അവയുടെ നിർമ്മാണ ചെലവ് 31.01.2019 - വരെ പിരിച്ച തുക എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

കേരള ഗവൺമെന്റ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവരുമായിട്ടുള്ള കരാർ പ്രകാരമാണ് ആർ.ബി.ഡി.സി.കെ ടോൾ പിരിവ് നടത്തിക്കൊണ്ടിരിക്കുന്നത്.

കൂടാതെ ദേശീയപാതയിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയന്ത്രണത്തിൽ താഴെപ്പറയുന്ന ടോൾ പ്ലാസകൾ നിലവിലുണ്ട്.

1. പാലിയേക്കര ടോൾ പ്ലാസ (എൻ.എച്ച് 544, വാളയാർ - ഇടപ്പള്ളി സെക്ഷൻ, തൃശ്ശൂർ ജില്ല).

2.. പാമ്പാംപള്ളത്ത് ടോൾ പ്ലാസ (എൻ.എച്ച് 544, വാളയാർ ഇടപ്പള്ളി സെക്ഷൻ, പാലക്കാട് ജില്ല)

3. കുമ്പളം ടോൾ പ്ലാസ (എൻ.എച്ച്.66, എറണാകുളം ജില്ല).

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

| നമ്പർ | പ്രവൃത്തിയുടെ പേര് | ടോൾ തുടങ്ങിയ തീയതി | നിർമ്മാണ ചെലവ് (ലക്ഷത്തിൽ) | 31.01.2019 വരെ പിരിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പുല്ലേപ്പടി | 07.06.2010 | 1457.52 | 241.18 |
| 2 | പുളിയനം | 19.02.2015 | 1007.6 | 21.86 |
| 3 | മുളങ്കുന്നത്തുകാവ് | 01.12.2014 | 1026.48 | 44.81 |
| 4 | പുലാമന്തോൾ | 09.03.2005 | 344.53 | 277.07 |
| 5 | കടുക്കാം കുന്ന്, വിക്ടോറിയ കോളേജ്,<br>സുൽത്താൻ പേട്ട് | 06.06.2010<br>18.01.2009<br>01.08.2014 | 3156.84 | 118.92 |
| 6 | ദേവദാർ | 15.02.2014 | 1442.82 | 400.52 |
| 7 | തിരുനാവായ | 08.11.2014 | 1362.85 | 57.13 |
| 8 | പരപ്പനങ്ങാടി | 19.06.2013 | 1522.52 | 32.53 |
| 9 | നന്തി,<br>കൊയിലാണ്ടി | 02.02.2010<br>21.04.2013 | 3497.35 | 1842.86 |
| 10 | മുഴപ്പിലങ്ങാട് | 12.06.2009 | 1871.43 | 1060.75 |
| 11 | പയ്യന്നൂർ | 02.06.2013 | 1681.78 | 96.57 |
| 12 | ചെറുവത്തൂർ | 27.08.2014 | 1492.87 | 44.68 |
| 13 | ബേക്കൽ | 17.12.2010 | 803.4 | 210.83 |

സെക്ഷൻ ഓഫീസർ